LIBRARY ARCHIVES Kerala Legislative Assembly

മഞ്ചേരിയിലെ വലിയട്ടിപറമ്പ് പ്രദേശത്ത് സാംക്രമിക രോഗങ്ങൾ ഉണ്ടാകുന്നത് തടയാൻ നടപടി

260 [3236] *ശ്രീ. ഇസ്ഹാക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ജില്ലാ ആശുപത്രിയിൽനിന്നും സ്വകാര്യ ലബോറട്ടറികളിൽനിന്നും മലിനവസ്തുക്കളും, വിസർജ്യവസ്തുക്കളും, അഴുക്കുചാലിലൂടെ ഒഴുകിവന്ന് മഞ്ചേരിയിലെ വലിയട്ടിപറമ്പ് പ്രദേശത്ത് ദുർഗന്ധവും സാംക്രമിക രോഗങ്ങളുംമൂലം ജനങ്ങൾ കഷ്ടപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇക്കാര്യത്തിൽ നാട്ടുകാരുടെ പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ഡി) എന്നത്തേക്ക് ഈ പ്രശ്നം പരിഹരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) ഉണ്ട്. മഞ്ചേരി ജില്ലാ മെഡിക്കൽ ആഫീസിലെ ടെക്നിക്കൽ അസിസ്റ്റന്റ് വിഷയം സംബന്ധിച്ച് അന്വേഷണം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രശ്നപരിഹാരത്തിനായി അടിയന്തിരനടപടി കൈക്കൊള്ളുവാൻ മഞ്ചേരി മുനിസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) മുനിസിപ്പൽ അധികൃതർ നടപടി കൈക്കൊള്ളേണ്ടതാകയാൽ ഒരു നിശ്ചിത കാലയളവ് പറയുവാൻ തൽക്കാലം നിർവ്വാഹമില്ല.

പാരമ്പര്യ വൈദ്യ കുടുംബങ്ങൾക്ക് ലൈസൻസ്

261 [3237] *ശ്രീ. വി. ഡി. സതീശൻ:*
„ *കെ. ബാബു:*
„ *സി. പി. മുഹമ്മദ്:*
„ *ടി. യു. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയുർവ്വേദ ചികിത്സയ്ക്ക് ലൈസൻസുള്ള എത്ര പാരമ്പര്യ വൈദ്യ കുടുംബങ്ങളാണുള്ളത്;